# ഖുർആൻ മലയാളകവിതകളിൽ

## ഇബ്‌റാഹീം ബേവിഞ്ച

**ലോ**കപ്രസിദ്ധരായ എഴുത്തുകാരും കലാകാരന്മാരും ദാർശനികന്മാരും പരിശുദ്ധഖുർആനിലെ കാവ്യാത്മകതയെ വിവിധ സന്ദർഭങ്ങളിൽ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. രണ്ടക്ഷരങ്ങളിൽനിന്ന് മൂന്നാമതൊരു നക്ഷത്രം ഉദിപ്പിക്കുന്ന കലാവൈഭവം ഖുർആനിൽ കാണാം എന്നത് എൻ.പി. മുഹമ്മദിന്റെ സൂക്ഷ്മമായ ഒരു വെളിപ്പെടുത്തലാണ്. പക്ഷേ മലയാളസാഹിത്യത്തിൽ ഈ ദൈവികവാക്യങ്ങൾ, ഇതര മതഗ്രന്ഥങ്ങളെപ്പോലെ വ്യാപകമായ സ്വാധീനം ചെലുത്തിയതായി കാണുന്നില്ല. ഖുർആൻ പഠിച്ചവർ മലയാളസാഹിത്യം പഠിച്ചില്ല എന്നതും, മലയാളസാഹിത്യം പഠിച്ചവർ ഖുർആനെ ആന്തരാർഥത്തിൽ അറിയാൻ ശ്രമിച്ചില്ല എന്നതും, മുസ്‌ലിംസമുദായത്തിൽ സർഗധനരായ കവികൾ അധികമുണ്ടായില്ല എന്നതും, ഇതര മതങ്ങളിലെ കവികൾക്ക് ഖുർആനിലെ ആവിഷ്കാരപ്രകാരത്തെ അറിയാനായില്ല എന്നതും- ഇങ്ങനെ ധാരാളം കാരണങ്ങൾ ഇതിനു പറയാം. എന്നാലും ഖുർആന്റെ സ്വാധീനം മലയാള കവിതാ, കഥാ, നോവൽപ്രസ്ഥാനങ്ങളിൽ പലയിടങ്ങളിലായി കടന്നുവന്നിട്ടുണ്ടെന്ന് ഗവേഷണപഠനങ്ങൾ കൊണ്ട് കണ്ടെത്താനാവും. വ്യാപകമായ രീതിയിലുള്ള ഒരു വിശദപഠനം ഇക്കാര്യത്തിൽ ഇപ്പോഴും നടന്നിട്ടില്ല. വള്ളത്തോൾ, പി. കുഞ്ഞിരാമൻ നായർ, ഉള്ളൂർ എന്നീ മഹാകവികളുടെ കവിതകളിൽ ഖുർആൻ ചെലുത്തിയിട്ടുള്ള സ്വാധീനത്തെക്കുറിച്ചുള്ള ലഘുചിന്തകളാണ് ചുവടെ കുറിക്കുന്നത്.

ചരിത്രപരമായി മലയാളകവിതയെ സമീപിക്കുമ്പോൾ ഖുർആനികാശയങ്ങൾ കലർത്തിയ കവിതകൾ ആദ്യമെഴുതിയ മഹാകവി, ഒട്ടേറെ ഇസ്‌ലാമിക ഇതിവൃത്തങ്ങൾ മലയാളത്തിൽ അവതരിപ്പിച്ച വള്ളത്തോൾ നാരായണമേനോനാണ്. വള്ളത്തോളിന്റെ 'ജാതകം തിരുത്തി', 'പാംസുസ്നാനം' തുടങ്ങിയ കവിതകൾ ഉദാഹരണം. ഉമറിന്റെ ഇസ്‌ലാമാശ്ലേഷചരിത്രത്തെ ആധാരമാക്കിയെഴുതിയ 'ജാതകം തിരുത്തി' എന്ന കവിതയ്ക്കുള്ള കുറിപ്പിൽ നബിദർശനം അവതരിപ്പിക്കുന്നതിന്റെ ഭാഗമായി 'ഭൂരാജ്യവും ആകാശരാജ്യവും അല്ലാഹുവിന്റേതാണ്, അവനൊഴിഞ്ഞു രക്ഷിതാവില്ല' എന്ന ഖുർആൻവാക്യം വള്ളത്തോൾ തന്നെ എഴുതിവച്ചിട്ടുണ്ട്. ഖുർആനിലെ പല അധ്യായങ്ങളിൽ ആവർത്തിക്കുന്ന ഈ ആശയം വള്ളത്തോൾ കവിതയാക്കിയത് ഇങ്ങനെ:

> ഖുർആന്റെ സ്വാധീനം മലയാള കവിതാ, കഥാ, നോവൽപ്രസ്ഥാനങ്ങളിൽ പലയിടങ്ങളിലായി കടന്നുവന്നിട്ടുണ്ടെന്ന് ഗവേഷണപഠനങ്ങൾ കൊണ്ട് കണ്ടെത്താനാവും

*"ഫലം പെറും പാരിതെവന്റെ തോട്ടമു-*
*ജ്ജ്വലർക്ഷമാം വാനമവന്റെ പൂവനം*
*അലംഘ്യ ഭൂമാവനേ ദൃഢം തവാ-*
*ലംബമെന്നൊന്നുര ചെയ്തു പോയതോ"*

നബിയെ വധിക്കാൻ ചെന്ന ഉമറിനോടുള്ള കവിയുടെ ചോദ്യം ഇതാണ്:

*"ഒഴുക്കിടൊല്ല സമസൃഷ്ട രക്തമെ-*
*ന്നഴുക്കലറുമാററുൾ ചെയ്തവന്റെ താൻ*
*കഴുത്തിൽ നിന്നാകണമോ, സുവിഭ്രമം*
*മുഴുത്ത നിൻ വാളിന് കുങ്കുമാർപ്പണം"*

*അൽബഖറ*യിലെ 84-ാമത്തെ വാക്യമായ 'നിങ്ങൾ അന്യോന്യം രക്തം ചിന്തുകയില്ലെന്നും........' പറഞ്ഞ് തുടങ്ങുന്ന ഭാഗത്തെ ആധാരമാക്കിയാണ് ഈ വരികൾ വള്ളത്തോൾ എഴുതിയത്.

*"തിരിഞ്ഞുനോക്കാതെ യവനവിവേകമായ്*
*പ്പിരിഞ്ഞിരുട്ടത്തുഴറിഗ്ഗമിക്കവേ*
*ശരിക്കു വീക്ഷിച്ചിതു സർവസാക്ഷിതൻ*
*വിരിഞ്ഞ രാക്കണ്ണുകൾ വാനിൽ നിന്നഹോ"*

*അൽഅഹ്സാബി*ലെ 52-ാമത്തെ വാക്യം ഇങ്ങനെയാണ്: "അല്ലാഹു നിങ്ങളുടെ പ്രവർത്തനങ്ങൾ ശരിക്കു നോക്കിക്കാണുന്നുണ്ട്". നബിവധത്തിനായുള്ള ഈ പോക്കിനിടയിൽ വഴിക്കുവച്ച് തന്റെ സഹോദരിയുടെ വീട്ടിൽനിന്ന് ഖുർആൻ പാരായണം ചെയ്യുന്നത് ഉമർ കേൾക്കുന്നു: "നിശീഥ നിശ്ശബ്ദതയെ സുഘോചിതം കൃശീകരിക്കുന്നൊരു പാട്ടു കേട്ടിതേ' എന്നാണ് ഇവിടത്തെ കവിഭാവന.

*"പരാർധ്യമാ മപ്പൂത സൂക്തസപ്തക*
*സ്വരാഢ്യ മാഹമ്മദ വേദഗീതിയിൽ*
*സ്ഫിരാദരാൽ വീർപ്പുകൾ മടക്കി നിന്നിതോ*
*മരാമരം പോലെ സമീരനും തദാ"*

"പുതിയതും മക്കയിൽവച്ച് അരുളപ്പെട്ടതും ഏഴ് സൂക്തങ്ങളാകുന്ന സപ്തസ്വരം ഇണങ്ങിയതുമായ മുഹമ്മദീയവേദം പാടൽ" എന്നൊരു കുറിപ്പ് കവി തന്നെ കൊടുത്തിട്ടുണ്ട്. ഖുർആനിലെ ഇരുപതാം അധ്യായത്തിലെ *ത്വാഹാ മാ അൻസൽനാ....* എന്ന് തുടങ്ങുന്ന ഭാഗമാണ് ഉമർ കേട്ടതെന്നാണ് ചരിത്രം പറയുന്നത്. പക്ഷേ, അത് ഏഴു സൂക്തങ്ങളിൽ ഒതുങ്ങുന്നില്ല. മക്കയിൽ വച്ച് അരുളപ്പെട്ടതും ഏഴ് സൂക്തങ്ങൾ അടങ്ങുന്നതുമായ ഒരു ഭാഗം ഖുർആനിൽ വേറെയുണ്ട്. അത് *അൽമാഊൻ* എന്ന സൂറത്തിലെ (107-ാം അധ്യായം) *അറഅയ്ത്തല്ലദീ ......* എന്ന് തുടങ്ങുന്ന ഭാഗമാണ്. 'മുഹമ്മദീയവേദം പാടൽ' എന്ന പ്രയോഗം കവി ഇസ്‌ലാമിനെ വേണ്ടതുപോലെ പഠിച്ചിട്ടില്ലെന്ന് വ്യക്തമാക്കുന്നു. സഹോദരി ഖുർആൻ ഓതുന്നതു കേട്ട് മനസ്സ് തെളിഞ്ഞ ഉമർ നബിസന്നിധിയിലെത്തി ഇസ്‌ലാം സ്വീകരിച്ച് ജാതകം തിരുത്തിയ

സംഭവങ്ങളാണ് ഈ കവിതയുടെ വിഷയം. കവിത മനസ്സിനെ ശുദ്ധീകരിക്കുന്നു എന്ന സാഹിത്യതത്ത്വം സാർഥകമാവുന്ന രംഗമാണിത്. ഉമറിന്റെ മനസ്സ് തെളിയുന്നതിനു മുമ്പ് സഹോദരീഭർത്താവിനു നേരെ ഓങ്ങിയ വാൾ സഹോദരിയുടെ ശരീരത്തിൽ കൊണ്ട് രക്തമൊഴുകിയപ്പോഴും അവർ പറഞ്ഞത് 'പ്രാണൻ പോയാലുമിസ്‌ലാമതമിതു വെടിയാ ഞങ്ങൾ' എന്നാണ്. മണിപ്പൊൻവീണക്കൊക്കും സ്വരത്തിൽ സഹോദരി അത് പറഞ്ഞപ്പോൾ സഹജൻ മറ്റൊരാളായി മാറി.

*"മങ്കപ്പൂൺപൊടു 'മാപ്പെ'ന്നവനരിയ*
*കുറാൻ ഗ്രന്ഥമർഥിച്ചു,ഹിംസാ*
*പങ്കം പോക്കാൻ ജലത്താൽ കഴുകിയ*
*കരതാർ കൊണ്ട് മേടിച്ചു ഭക്ത്യാ*
*തങ്കംപോലാം വിളക്കിൻതിരികൾ*
*നിഭൃതമായി നിന്നു കത്തീ; സമീപ*
*ത്തിങ്കൽ കാൽമുട്ടുകുത്തിപ്പെരുതരു*
*നബിയാം ദേവനെ കൈവണങ്ങീ"*

എന്നാണ് വള്ളത്തോൾ കവിത അവസാനിപ്പിക്കുന്നത്. 'നബിയാം ദേവൻ' എന്ന വിശേഷണത്തിൽ കലരുന്ന ജാഹിലിയ്യത്തിന്റെ ചുവ വള്ളത്തോളിനു മനസ്സിലായിട്ടുണ്ടാവില്ല. കവിക്ക് പ്രവാചകനോടുള്ള ആദരവ് ഹൈന്ദവവീക്ഷണത്തിലൂടെ പ്രകടിപ്പിച്ചുപോയ സന്ദർഭമാണിത്. അതുപോലെ ഖുർആനിലെ നരകചിത്രത്തെ ഉൾക്കൊണ്ട് രചിച്ചതാണെന്ന് വള്ളത്തോൾ അവകാശപ്പെടുന്ന നാല് വരികളിലെ ഭാവം അതീവ ദുർബലമാണ്. സദ്ഗുരുവായ പ്രവാചകനെ വധിക്കാൻ വേണ്ടി രാത്രിയിൽ കുതിച്ചുപോകവേ പാപിയെ ചുടുന്ന ചെന്തീപ്പൊരിപോലെ മിന്നാമിനുങ്ങുകൾ പാറി എന്നാണ് കവിഭാവന. നരകത്തീയെക്കുറിച്ച് ഖുർആൻ പറയുന്ന രംഗങ്ങളുടെ തീക്ഷ്ണത ഈ ചിത്രത്തിനില്ല.



ഒരു ദിവസം മക്കയിലെ കൈവഴികളിലൂടെ നടന്നുപോകവേ നബിയുടെ മനസ്സിലൂടെ കടന്നുപോയ ചിന്തകളും സംഭവങ്ങളുമാണ് 'പാംസുസ്നാന'ത്തിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. കണ്ടതിൽ കണ്ടതിലൊക്കെ ഈശ്വരത്വം കൽപിച്ച അറേബ്യക്കാർ ഒടുവിൽ ഈശ്വരവിശ്വാസികൾ തന്നെ അല്ലാതാവുകയാണുണ്ടായതെന്ന് നബി വിചാരിക്കുന്നു:

*"ഈ നിങ്ങൾ കൂപ്പും മരമല്ല, കല്ല-*
*ല്ലള്ളാവു, സർവാതിശക്തനേകൻ"*

എന്ന വരികളിൽ ഖുർആനിലെ ദൈവവീക്ഷണം തന്നെയാണുള്ളത്. കിരാതവർഗത്തെ നന്നാക്കിയെടുക്കുമെന്ന് പ്രതിജ്ഞയെടുക്കുന്ന നബി, മാതൃകാ കർഷകനായ ക്രിസ്തു അവ്വിധം മാതൃക കാട്ടിയിട്ടുണ്ടല്ലോ എന്ന് ഓർമിക്കുന്നു. പ്രവാചകപരമ്പരയെയും ഈസാനബിയെയും അംഗീകരിക്കുന്ന ഖുർആനിക കാഴ്ചപ്പാട് ഇവിടെയുണ്ട്. അതുപോലെ 'അല്ലാഹ്' എന്ന കവിത നൽകുന്ന സന്ദേശവും ഖുർആന്റെ വെളിച്ചത്തിൽനിന്നുരുത്തിരിഞ്ഞതാണ്.

പി. കുഞ്ഞിരാമൻ നായരുടെ 'മരുഭൂമിയിലെ യാത്രക്കാരൻ' എന്ന കവിതയിൽ ഖുർആനിലെ പ്രഥമസന്ദേശവുമായി ജിബ്‌രീൽ ആദ്യമായി നബിയുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ട മുഹൂർത്തത്തെ കവിതയുടെ അമൃതധാരപോലെ ഹൃദ്യമായി ഇങ്ങനെ ആവിഷ്കരിക്കുന്നു. "ഉഷസ്സിന്റെ നേരിയ നീരാളത്തിരനീക്കി തനിത്തങ്ക വിമാനത്തിൽ ശൂന്യമായ മരുഭൂമിയിൽ വന്നിറങ്ങിയ ഏതോ ദൈവദൂതൻ അർധനിദ്രിതമായ ആ യുവാവിന്റെ ലലാടത്തിൽ ചുംബിച്ചു. മുഹമ്മദുണർന്നു. കണ്ണുമിഴിച്ച് ചുറ്റും നോക്കിയപ്പോൾ ഇരുട്ടിന്റെ തിരശ്ശീല നീങ്ങിയതായും സ്വർഗത്തിലെ ഏതോ ദിവ്യജ്യോതിസ്സ് തന്റെ ശിരസ്സിൽ അനുഗ്രഹരശ്മി ചൊരിയുന്നതായും മുഹമ്മദ് കണ്ടു. ആകാശത്തെ പുളകം പൂശിച്ചുകൊണ്ട് അദ്ദേഹത്തിന്റെ തലയ്ക്കു മുകളിൽ ചില ദേവന്മാർ പറന്നുപോയി. ഉണർന്നുനോക്കിയപ്പോൾ തുടുത്ത ഖണ്ഡ സ്ഥലങ്ങളിൽനിന്ന് അശ്രുധാര ഒഴുകുന്നതായി ആ പരവശൻ കണ്ടു. ഈ തന്നിൽ താനല്ലാത്ത ഒരാൾ ഉള്ളിൽനിന്ന്, ജ്യോതിർമണ്ഡലത്തിൽനിന്ന് പുഞ്ചിരി തൂകുന്നതായി ആ ഭക്തൻ കണ്ടു. യജമാനന്റെ മുമ്പിൽ ഭൃത്യനെന്നപോലെ, ഭർത്തൃസന്നിധിയിൽ വിരഹിണിയും വിശുദ്ധയുമായ ധർമപത്നിയെപ്പോലെ ഞൊടിയിടനേരം ആ ജ്യോതിസ്സിന്റെ മുമ്പിൽ മുഹമ്മദ് അനങ്ങാതെനിന്നു. മനസ്സിൽ ഭാവനപോലെ, ബുദ്ധിയിൽ പ്രതിഭ പോലെ, മേഘത്തിൽ മിന്നൽപിണർ പോലെ, വിസ്മൃതിയിൽ സ്മരണ പോലെ എന്തോ ഒന്ന് ആ ഹൃദയത്തിലുണ്ടായി. 'മുഹമ്മദ്, എഴുന്നേൽക്കൂ, ഇരുളിൽ മയങ്ങിയ ലോകത്തെ വിളിച്ചുണർത്തൂ'- ഒരശരീരിയുണ്ടായി. ഒരിടിരവമുണ്ടായി. ഒരു നിശ്ശബ്ദ ശാസനമുണ്ടായി"- ദൈവത്തിന്റെ നാമത്തിൽ വായിച്ച മുഹമ്മദ് നബി ഇരുളിൽ മയങ്ങിയ ലോകത്തെ വിളിച്ചുണർത്തുകയുണ്ടായല്ലോ.

പൊതുവെ കേരളചരിത്രം ആസ്പദിച്ചുള്ള ഉള്ളൂരിന്റെ 'ഉമാകേരള'ത്തിൽ സദ്ഗുണ സമ്പന്നനായ ഒരു തങ്ങളെ അവതരിപ്പിക്കുന്നുണ്ട്. ഒരു മുസ്‌ലിം കൊള്ളത്തലവന്റെ ക്രൂരതകളിൽനിന്ന് തിരുവിതാംകൂറിലെ ഉമയമ്മ റാണിയെ രക്ഷപ്പെടുത്തുന്നത് ഈ തങ്ങളാണ്. ആ മുകിലന്റെ വിനകൾ പെട്ടെന്ന് ഇല്ലാതാക്കി നാട്ടിലെ ജനങ്ങളുടെ ഭയം മുഴുവൻ ഇല്ലാതാക്കുമെന്ന് സന്മാർഗിയായ ആ മുഖ്യപുരോഹിതൻ ഏൽക്കുകയും അപ്രകാരം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ആ ക്രൂരനായ മുകിലന്റെ സമീപമെത്തി തങ്ങൾ പറയുന്നതിങ്ങനെയാണ്:

*"നരനേക വിധത്തിലെഴുന്നൊരി-*
*ദ്ധരയിലിങ്ങനെ സാധു പരാഭവം*
*അരമണക്കുകയില്ല കുറാന്നെഴും*
*പരമസാരമറിഞ്ഞവൻ"*

ഖുർആന്റെ മഹത്തായ സന്ദേശം മനസ്സിലാക്കിയ ആ മുകിലൻ തന്നെയും തന്റെ ഭടന്മാരെയും സന്മാർഗത്തിലേക്ക് നയിക്കാൻ മുതിരുകയും ചെയ്തു. മുസ്‌ലിംകളല്ലാത്ത ഈ മഹാകവികളുടെ കവിതകളിൽ കാണുന്ന ഖുർആനികപ്രഭാവം പല മുസ്‌ലിംകവികളുടെയും കവിതകളിൽ കാണുന്നില്ലെന്നത് കൗതുകകരമാണ്.

■